കാൻസർ നെറ്റ് പദ്ധതി

12 (*500)ശ്രീ. മോൻസ് ജോസഫ് :
ശ്രീ. ആന്റണി രാജു :
ശ്രീ. കെ.സി. ജോസഫ് :
ശ്രീ. പി.സി. ജോർജ്ജ് :
ശ്രീ. ടി.എസ്. ജോൺ : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്റർനെറ്റ് സഹായത്തോടെ ക്യാൻസർ ചികിത്സയ്ക്കുതകുന്ന കാൻസർനെറ്റ് പദ്ധതി സംസ്ഥാനത്ത് ആവിഷ്കരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(സി) ഇതിന് കേന്ദ്ര ഗവൺമെന്റ് ധനസഹായം അനുവദിക്കുമോ; എങ്കിൽ അതിനുള്ള എന്ത് നടപടി സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി എത്രയുംവേഗം നടപ്പാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കുമോ?

ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എ.സി. ഷണ്മുഖദാസ്) :

(എ) തിരുവനന്തപുരത്തുള്ള ഇലക്ട്രോണിക് റിസർച്ച് ആന്റ് ഡെവലപ്പമെന്റ് സെന്ററുമായി സഹകരിച്ച് റീജിയണൽ കാൻസർ സെന്റർ 'കാൻസർനെറ്റ്' എന്ന ഒരു പദ്ധതി കേന്ദ്ര ഗവൺമെന്റിന്റെ ഇലക്ട്രോണിക് വിഭാഗത്തിന് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്.

(ബി) ക്യാൻസർ രോഗത്തെക്കുറിച്ചുള്ള വിവരങ്ങൾ. ക്യാൻസർ പരിശോധനക്കും ചികിത്സയ്ക്കും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ തുടങ്ങിയ ഇന്റർനെറ്റ് വഴി പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയാണ് ഈ പദ്ധതികൊണ്ട് ലക്ഷ്യമിട്ടിരിക്കുന്നത്. ആശുപത്രിയിൽ വരാതെ തന്നെ ഡോക്ടർമാരുടെ വിദഗ്ദ്ധ അഭിപ്രായങ്ങളും മറ്റു നിർദ്ദേശങ്ങളും ഇന്റർനെറ്റു വഴി ഈ പദ്ധതിയിലൂടെ രോഗികൾക്ക് ലഭിക്കുന്നതാണ്.

(സി)&(ഡി) ഈ പദ്ധതി തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിൽ നിന്നും ധനസഹായം ലഭിക്കുന്നതിലേക്കുള്ള ചർച്ചകളും മറ്റു നടപടികളും നടന്നു കൊണ്ടിരിക്കുന്നു.

ഡോ. സുഭദ്രാ കമ്മിറ്റി റിപ്പോർട്ട് പ്രകാരം സ്വീകരിച്ച നടപടികൾ

13 (*501)ശ്രീ. സത്യൻ മൊകേരി :
ശ്രീ. യു.എസ്. ശശി : താഴെകാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സ്പോർട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാർഡ് ഫാർമസി സമ്പ്രദായം മേജർ ആശുപത്രികളിലെ എല്ലാ വാർഡുകളിലും നടപ്പാക്കണമെന്നുള്ള ഡോക്ടർ സുഭദ്രാ കമ്മിറ്റി റിപ്പോർട്ടിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly